പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5843 — 28.3.2018 ൽ മറുപടിയ്ക്ക്

## നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ചോദ്യം — മറുപടി

ശ്രീ.എ.പി. അനിൽ കുമാർ — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ നിർവ്വഹിക്കുന്ന സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ(SNAC) മുഖേന നിരാമയ ആരോഗ്യ ഇൻഷുറൻസിൽ ഉൾപ്പെടുത്തേണ്ടവരുടെ വിവരങ്ങൾ ശേഖരിച്ച് ടി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നടപ്പ് സാമ്പത്തികവർഷം പുതുതായി 25600 പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായും 1460 പേരുടെ പോളിസി പുതുക്കുന്നതിനുമായി 98,98,500/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിരാമയ ഇൻഷുറൻസ് പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിലുള്ള പോളിസികൾ പുതുക്കുന്നതിലേയ്ക്ക് നാഷണൽ ട്രസ്റ്റ് സൈറ്റ് ഓപ്പൺ ചെയ്തു തരുന്ന മുറയ്ക്ക് അത് പുതുക്കുന്നതാണ്. |

<table>
<tr>
<td>(ബി) നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വൈകല്യമുള്ളവർക്ക് ഈ പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;</td>
<td>(ബി) പ്രതിവർഷം 1,00,000/- രൂപ വരെയുള്ള ചികിത്സാ ആനുകൂല്യമാണ് ഈ പദ്ധതിയിലൂടെ ലഭിക്കുന്നത്. ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു
<table>
<tr><td>ഒ.പി.ചികിത്സ</td><td>14,500/-<br>സാധാരണ അസുഖങ്ങൾക്കുള്ള ചികിത്സ Rs.8000/- (സ്കാൻ, ലാബ് ടെസ്റ്റുകൾ, എക്സ്റേ etc)<br>വൈകല്യത്തെ തുടർന്നുള്ള റെഗുലർ ചെക്കപ്പുകൾ-Rs.4000/-<br>പല്ല് സംബന്ധമായ ചികിത്സ-Rs.2500/-</td></tr>
<tr><td>ഫിസിയോ/ ഒക്കുപ്പേഷണൽ/ സ്പീച്ച് തെറാപ്പി</td><td>10,000/-</td></tr>
<tr><td>ഹോമിയോ/ ആയുർവ്വേദം തുടങ്ങിയ ഇതര ചികിത്സ</td><td>4500/-</td></tr>
<tr><td>ആംബുലൻസ്/ടാക്സി തുടങ്ങി യാത്രാ ചെലവുകൾ</td><td>1000/-</td></tr>
<tr><td>ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ</td><td>70,000/-<br>ഓപ്പറേഷൻ-Rs.55,000/-<br>വൈകല്യങ്ങളുമായി ബന്ധപ്പെട്ട ഓപ്പറേഷൻ-Rs.40,000/-<br>മറ്റ് അസുഖങ്ങളെ/അപകടങ്ങളെ തുടർന്നുള്ള ഓപ്പറേഷൻ-Rs.15,000/<br>സാധാരണഅസുഖങ്ങൾക്കുള്ള കിടത്തി ചികിത്സ-Rs.15,000/-</td></tr>
<tr><td>ആകെ</td><td>1,00,000/-</td></tr>
</table>
</td>
</tr>
</table>

| | |
|---|---|
| (സി) എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ അസുഖബാധിതർക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണോ; എത്ര ലക്ഷം രൂപയുടെ ആനുകൂല്യമാണ് ഈ പദ്ധതിയിൽ ചേരുന്നവർക്ക് നൽകുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കാമോ? | (സി) ചേരാവുന്നതാണ്. എ.പി.എൽ വിഭാഗ ത്തിന് 500/- രൂപയും ബി.പി.എൽ വിഭാഗത്തിന് 250/- രൂപയുമാണ് വാർഷിക പ്രീമിയം ഒടുക്കേണ്ടത്. ആയതിന്റെ ചെലവുകൾ സംസ്ഥാന സർക്കാരാണ് നിർവ്വഹിച്ച് വരുന്നത്. പരമാവധി ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ടി പദ്ധതിയിലൂടെ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ